# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 784 — 10/02/2016-ൽ മറുപടിക്ക്

### സർക്കാരിന്റെ ഔഷധ നയം

ചോദ്യം — മറുപടി

ശ്രീ. എം. ചന്ദ്രൻ — **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി)**

| | |
|---|---|
| എ) സംസ്ഥാന സർക്കാരിന്റെ ഇപ്പോഴത്തെ ഔഷധ നയം എന്താണെന്ന് വ്യക്തമാക്കാമോ; ആന്റി ബയോട്ടിക് ഔഷധങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ടോ; | എ) രാജ്യത്ത് മരുന്ന് ഉല്പാദനവും,വിതരണവും,വിൽപ്പനയും നിയന്ത്രിക്കുന്നത് 1940 ലെ കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടും അതിനു കീഴിലുള്ള ചട്ടങ്ങളും(Drugs and Cosmetics Rules 1945) പ്രകാരമാണ്. നിലവിലുള്ള ഔഷധ നിയമം 1986 പ്രധാനമായും പരാമർശിച്ചിരിക്കുന്നത് മിതമായ നിരക്കിൽ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുക, ചെലവുകുറഞ്ഞ രീതിയിൽ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്ക് പുതിയ സാങ്കേതിക വിദ്യകൾ, ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിന്റെ വികസനത്തിന് ഉതകുന്നരീതിയിലുള്ള ഗവേഷണ പുരോഗതി, മരുന്നുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക,മരുന്നുകളുടെ അശാസ്ത്രീയമായ ഉപയോഗം തടയുക, മരുന്നുകളുടെ പാർശ്വഫലങ്ങൾ നിരീക്ഷിച്ച് പ്രതിവിധികൾ/പരിഹാര നടപടികൾ സ്വീകരിക്കുക. മരുന്നുകളുടെ ശാസ്ത്രീയമായ ഉപയോഗം ഉറപ്പാക്കുക എന്നിവയാണ്. ആന്റി ബയോട്ടിക് ഔഷധങ്ങളുടെ rational use പ്രോത്സാഹിപ്പിക്കുന്നതിനും ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (Anti microbial resistance) നെ ഫലപ്രദമായി പ്രതിരോധിക്കുന്നതിലേക്കുമായുള്ള 'ആന്റിബയോട്ടിക് ഔഷധനയം' (Antibiotic policy) യുടെ കരട് അന്തിമ വിശകലനത്തിനായി ചർച്ചാ യോഗങ്ങൾ സംസ്ഥാന സർക്കാർ തലത്തിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി 23-01-2016-ന് വിവിധ മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു വർക്ക്ഷോപ്പ് എറണാകുളത്ത് വച്ച് നടത്തിയിരുന്നു. |

| | |
|---|---|
| ബി) ആന്റി ബയോട്ടിക് ഔഷധങ്ങളുടെ ഉപയോഗം വളരെ കൂടുന്നതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇത് സാധാരണ രോഗികൾക്ക് വളരെ വിഷമം സൃഷ്ടിക്കുന്നതായികരുതുന്നുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആന്റി ബയോട്ടിക് ഔഷധങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും യുക്തി സഹമായി നിർദ്ദേശിക്കാനും ആന്റി ബയോട്ടിക് ഔഷധ നയം തയ്യാറാക്കി വരികയാണ്. ആന്റി ബയോട്ടിക്കുകളുടെ അമിത ഉപയോഗം ചികിത്സാചെലവ് കൂട്ടുന്നതിന് പുറമെ ഡ്രഗ്സ് റെസിസ്റ്റൻസ് സൃഷ്ടിക്കുകയും ചെയ്യും എന്നത്കൊണ്ട് സർക്കാർ ഈ വിഷയം ഗൗരവമായി കണക്കിലെടുക്കുന്നുണ്ട്. |
| സി) ഇത് സംബന്ധിച്ച ആവശ്യമായ പഠനം നടത്തി ശാസ്ത്രീയമായി ആന്റി ബയോട്ടിക് നയം വ്യക്തമാക്കാമോ? | സി) ആന്റി ബയോട്ടിക് നയം തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ ആരോഗ്യരംഗത്തെ വിവിധമേഖലകളിലെ വിദഗ്ധരുടെ സഹകരണത്തോടെ ആരംഭിച്ചിട്ടുണ്ട്. വിദഗ്ധരുടെ സഹായത്തോടെ കരട് നയത്തിന് രൂപം നൽകിയിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ